**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 35

29.06.2016- ൽ മറുപടിക്ക്

# കൺസ്യൂമർ ഫെഡിലെ അഴിമതി

**ചോദ്യം**

**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ.റ്റി.വി.രാജേഷ്**
**ശ്രീ.എം. സ്വരാജ്**
**ശ്രീമതി.പി. അയിഷാ പോറ്റി**

**മറുപടി**
ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൺസ്യൂമർ ഫെഡിൽ അഴിമതിയും കെടുകാര്യസ്ഥതയും വ്യാപകമാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്<br>കൺസ്യൂമർ ഫെഡിലെ അഴിമതിയുമായി ബന്ധപ്പെട്ട പരാതി അന്വേഷിച്ചതിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് കാര്യക്ഷമമായ അന്വേഷണം നടത്തുന്നതിനായി നിലവിൽ ഉണ്ടായിരുന്ന ഭരണസമിതിയെ 25.09.2015-ൽ സസ്പെന്റ് ചെയ്യുകയും ദൈനംദിന ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച് ഉത്തരവാകുകയും സസ്പെന്റ് ചെയ്യപ്പെട്ട ഭരണ സമിതി അംഗങ്ങൾ രാജിവെയ്ക്കുകയും ചെയ്തു. കൺസ്യൂമർ ഫെഡിന്റെ ഹെഡ്ഡ് ഓഫീസിലും റീജിയണൽ ഓഫീസുകളിലേയും, എല്ലാ യൂണിറ്റുകളിലേയും, ഡിപ്പോകളിലേയും പ്രവർത്തനം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി കേരളാ സഹകരണ നിയമം 65-ാം വകുപ്പ് |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും അന്വേഷണം പുരോഗമിച്ച് വരികയുമാണ്. അന്വേഷണത്തിനായി 14 ജില്ലകളിലും, പ്രത്യേകം അന്വേഷണ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിന്റെ ഇടക്കാല റിപ്പോർട്ടിനോടൊപ്പം തിരുവനന്തപുരം , തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ സാമ്പത്തിക ക്രമക്കേടുകളും പണാപഹരണവും നടന്നതിന്മേലുള്ള സഹകരണ സംഘം രജിസ്ട്രാറുടെ 11/79-ാം നമ്പർ സർക്കുലർ പ്രകാരമുള്ള റിപ്പോർട്ടും തുടർ നടപടികൾക്കായി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം പുരോഗമിച്ചു വരുന്നു. |
| (ബി) | കൺസ്യൂമർ ഫെഡിലെ അഴിമതിയെക്കുറിച്ച് അക്കാലത്തെ മാനേജിംഗ് ഡയറക്ടർ പോലും പരാതിപ്പെടാനിടയാക്കിയ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ ഇത്തരം സാഹചര്യം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. |
| (സി) | അക്കാലത്തെ മാനേജിംഗ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | (സി) | ഉത്സവകാല സബ്സിഡി, നന്മ സ്കീം, താൽക്കാലിക ദിവസ വേതന ജീവനക്കാരുടെ നിയമനം, ഫ്ളോട്ടിംഗ് ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണി സ്റ്റോറുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ, നവീകരണ പ്രവർത്തനങ്ങൾ, തുടക്കം കുറിച്ചതും എന്നാൽ പൂർത്തീകരിക്കാത്തതുമായ വിവിധ തരം പദ്ധതികൾ, വിദേശമദ്യ വ്യാപാരം തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ക്രമക്കേടുകൾ സംബന്ധിച്ച് അക്കാലത്തെ മാനേജിംഗ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | കൺസ്യൂമർ ഫെഡിന്റെ കഴിഞ്ഞ 6 വർഷത്തെ പ്രവർത്തനം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറാഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്), ഡെപ്യൂട്ടി രജിസ്ട്രാർ (ഇൻസ്പെക്ഷൻ സെൽ) എന്നിവരെ സഹകരണ സംഘം രജിസ്ട്രാർ നിയോഗിച്ചിരുന്നു. പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ കണ്ടെത്തിയ ന്യൂനതകൾ ഗുരുതര സ്വഭാവമുള്ളതാകയാലും, ഹെഡ് ആഫീസിലും, റീജിയണൽ ആഫീസുകളിലും, ഡിപ്പോകളിലും, ഫെഡറേഷന്റെ എല്ലാ യൂണിറ്റുകളിലും വിശദമായ അന്വേഷണം നടത്തേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യം വന്നതിന്റെയും അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷനിലെ ഗുരുതരമായ ക്രമക്കേടുകൾ, ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റി കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും അന്വേഷണം നടന്നു വരികയുമാണ്. കൂടാതെ വിവിധ അഴിമതികളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണവും കൺസ്യൂമർഫെഡ് നേരിടുന്നുണ്ട്. മുൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ചില റിപ്പോർട്ടുകളും കൺസ്യൂമർഫെഡിനെതിരെ നടന്നുവരുന്ന വിജിലൻസ് എൻക്വയറിയുടെ ഭാഗമായി അന്വേഷിക്കുന്നതിന് വിജിലൻസ് വകുപ്പിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അഴിമതിയാരോപണത്തെക്കുറിച്ചും കെട്ട കാര്യസ്ഥതയെക്കുറിച്ചും സമഗ്രാന്വേഷണം നടത്താൻ തയ്യാറാകുമോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | നിലവിൽ നടന്നു വരുന്ന വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇപ്പോൾ നടന്നു വരുന്ന വിജിലൻസ് അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ